"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ഡ്രൈവർ തസ്തികയിൽ സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. രാധാകൃഷ്ണൻ പി കെ യുടെ മകൻ ശ്രീ. ശ്രീഹരി പി കെ യ്ക്ക് വനംവകുപ്പിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവിൽ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനംവന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.8/2021/വനം തീയതി,തിരുവനന്തപുരം, 27/04/2021.

---

പരാമർശം:- 1 24/05/1999 ലെ സ.ഉ.(പി) നം.12/99/പി & എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

2 27.10.2020 ലെ സ.ഉ (കൈ) നം 17/2020/വനം നമ്പർ സർക്കാർ ഉത്തരവ്.

3 ശ്രീഹരി.പി.കെ സമർപ്പിച്ച 08.10.2020 തീയതിയിലെ അപേക്ഷ.

4 ഭരണ വിഭാഗം ഉപ മുഖ്യ വനപാലകന്റെ 04.03.2021 തീയതിയിലെ ഇ6-127875/2020 നമ്പർ കത്ത്.

**ഉത്തരവ്**

വനംവകുപ്പിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്നതും, 07.11.2018 ൽ അന്തരിച്ചതുമായ ശ്രീ. രാധാകൃഷ്ണൻ.പി.കെ യുടെ മകനായ ശ്രീ. ശ്രീഹരി.പി.കെ യ്ക്ക് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം, വനംവകുപ്പിൽ കോഴിക്കോട് ജില്ലയിൽ, ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനു കാലതാമസം നേരിടുന്നതിനാൽ കോഴിക്കോട് ജില്ലയിൽ വനംവകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിയമനം നൽകുവാൻ അനുമതി നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ശ്രീഹരി പി.കെ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ശ്രീ.ശ്രീഹരി പി.കെയ്ക്ക് മുൻപേ ആശ്രിത നിയമനത്തിനു ഉത്തരവ് ലഭിച്ച രണ്ടു പേർക്ക് ടി ജില്ലയിൽ നിയമനം നൽകാനുണ്ട് എന്നും, ആയതിനാൽ ടിയാന് നിയമനം ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ശ്രീ.ശ്രീഹരി പി.കെ പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ സഹിതം, പരാമർശം (4) ലെ കത്ത് പ്രകാരം ഭരണ വിഭാഗം ഉപ മുഖ്യ വനപാലകൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 25 പ്രകാരം, ടി ഉത്തരവിലെ ഖണ്ഡിക 19-ൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം അപേക്ഷിക്കുകയാണെങ്കിൽ, ഒരിക്കൽ അപേക്ഷിച്ചിരുന്ന തസ്തിക മാറ്റി നൽകാൻ അനുവദിക്കാവുന്നതാണ്. ആശ്രിത നിയമനത്തിനായി ശ്രീഹരി പി കെ 30/09/2019 ൽ നൽകിയ അപേക്ഷയിൽ കോഴിക്കോട് ജില്ലയിൽ ഡ്രൈവർ/ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. അപേക്ഷയിൽ ഡ്രൈവർ തസ്തികക്കാണ് മുൻഗണന നൽകിയിരുന്നത്. എന്നാൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയത്. ശ്രീഹരി പി കെ തസ്തിക മാറ്റത്തിനു സമയപരിധിക്കകം തന്നെ അപേക്ഷ

സമർപ്പിച്ചിട്ടുണ്ട് .

3. മേൽ സാഹചര്യത്തിൽ, വനംവകുപ്പിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തിരുന്നതും, 07.11.2018 ൽ അന്തരിച്ചതുമായ ശ്രീ. രാധാകൃഷ്ണൻ.പി.കെ യുടെ മകനായ ശ്രീ. ശ്രീഹരി.പി.കെ യ്ക്ക്, വനംവകുപ്പിൽ കോഴിക്കോട് ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി അനുമതി നൽകിയ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഭേദഗതി വരുത്തി, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ടിയാന് കോഴിക്കോട് ജില്ലയിൽ വനംവകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികയിൽ നിയമനം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.SURESHKUMAR
**ജോയിന്റ് സെക്രട്ടറി**

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.
ശ്രീ. ശ്രീഹരി.പി.കെ, പേടങ്ങൽ, കിഴക്കേവളപ്പിൽ വീട്, എകരൂൾ പി ഒ, കോഴിക്കോട്- 673 574.
(രജിസ്റ്റേർഡ് തപാൽ /മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വെബ്& ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NOUSHAD S
Date: 2021.04.27 16:46:47 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ് -വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.